©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 ഏപ്രിൽ 7<br>7th April 2018<br>1193 മീനം 24<br>24th Meenam 1193<br>1940 ചൈത്രം 17<br>17th Chaithra 1940 | നമ്പർ<br>No. 913 |

## കേരള സർക്കാർ

### നിയമ (നിയമനിർമ്മാണം-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 19961/ലെഗ്.ജി2/2017/നിയമം.

*തിരുവനന്തപുരം, 2018 ഏപ്രിൽ 7*
*1193 മീനം 24*
*1940 ചൈത്രം 17.*

2018 ഏപ്രിൽ 7-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമവകുപ്പ് സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018

33/1327/2018/S-2.

2018-ലെ 25-ാം നമ്പർ ഓർഡിനൻസ്

# 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2017-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2017-ലെ 28) 2017 ഡിസംബർ 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 101-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2018-ലെ 18) 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുള്ളതിനാലും;

2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച് 2018 ഏപ്രിൽ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 117-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2018-ലെ 18) 2018 ഏപ്രിൽ 9-ാം തീയതി പ്രാബല്യത്തിലില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ഓർഡിനൻസിന് 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>2015-ലെ 17-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.</u>—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിന് (2015-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 10 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. <u>ചില പദപ്രയോഗങ്ങളുടെ പരാമർശങ്ങൾക്ക് പകരം മറ്റ് പദപ്രയോഗങ്ങൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിൽ,—

(എ) "അക്കാദമിക സമിതി" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനുപകരം "അക്കാദമിക കൗൺസിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) "നിർവ്വാഹക സമിതി" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനുപകരം "സിൻഡിക്കേറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. <u>14-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14-ാം വകുപ്പ (5)-ാം ഉപവകുപ്പിൽ "കഴിയുന്നത്ര വേഗം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതും "അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള അധികാര സ്ഥാനത്തിന്റെയോ നികായത്തിന്റെയോ തൊട്ടടുത്ത യോഗത്തിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

5. <u>15-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 15-ാം വകുപ്പ് (3)-ാം ഉപവകുപ്പിനും ക്ലിപ്ത നിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാലുവർഷക്കാലം ആയിരിക്കുന്നതാണ്.".

6. <u>22-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ,—

(iv) "ഗവേഷണ കൗൺസിൽ" എന്ന ഇനത്തിനുശേഷം വരുന്ന "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതും അങ്ങനെ ഭേദഗതി ചെയ്ത (iv)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(v) ബോർഡ് ഓഫ് സ്റ്റഡീസ്;

(vi) ധനകാര്യ സമിതി;

(vii) ആസൂത്രണ സമിതി;

(viii) വിദ്യാർത്ഥി കൗൺസിൽ, കൂടാതെ"

7. <u>23-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(എ) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (xv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xv) സർവ്വകലാശാലാ യൂണിയൻ ചെയർമാൻ.";

(ബി) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന ആറ് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ മൂന്നുപേർ സർക്കാർ എഞ്ചിനീയറിംഗ്

കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ആയിരിക്കേണ്ടതാണ്; പ്രസ്തുത അംഗങ്ങളിൽ ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;";

(സി) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) (iv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iv) പി.എച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ലിക്കേഷൻസോടുകൂടിയതുമായ, കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള രണ്ട് വിദ്യാഭ്യാസ വിചക്ഷണർ.".

(ii) (v)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മേധാവികൾ അല്ലെങ്കിൽ മാനേജർമാർ, അവരിൽ ഒരാൾ എയ്ഡഡ് കോളേജിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്നും ആയിരിക്കേണ്ടതാണ്.";

(iii) (vi)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(vi) അദ്ധ്യാപകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്.ഡി.-യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള, രണ്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർ, ഒരു എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, ഒരു സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകൻ, പ്രസ്തുത അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെട്ട ആളും ഒരാൾ എഞ്ചിനീയറിംഗ് അല്ലാത്ത ശാസ്ത്ര വിഷയ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്;

(vii) അനദ്ധ്യാപക ജീവനക്കാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.";

(ഡി) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (i)-ാം ഇനം വിട്ടുകളയേണ്ടതാണ്.

8. <u>27-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) (xi)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനവും ക്ലിപ്ത നിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(xi) ബോർഡ് ഓഫ് ഗവർണേഴ്സിലെ വിദ്യാർത്ഥി പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം:

എന്നാൽ, സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ, തെരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതുവരെ, സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഒരു വിദ്യാർത്ഥിയെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്;"

(ബി) (xiii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xiii) ബോർഡ് ഓഫ് ഗവർണേഴ്സിലെ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാരിൽ അല്ലെങ്കിൽ മേധാവികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;";

9. <u>31-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 31-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (iii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ ഓരോ വിഭാഗത്തിൽ നിന്നും വൈസ്-ചാൻസലർ നൽകുന്ന മൂന്ന് പേർ വീതം അടങ്ങുന്ന പട്ടികകളിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന,

ു പ്രിൻസിപ്പാൾ വീതം; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്. പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെ അഭാവത്തിൽ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്.";

(ബി) (iv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iv) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ ഓരോ വിഭാഗത്തിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് ശാഖകളെ പ്രതിനിധാനം ചെയ്യുന്നതും പ്രൊഫസർമാരുടെ പദവിയിൽ താഴെയല്ലാത്തതും ആയ പ്രസ്തുത ഓരോ വിഭാഗത്തിൽ നിന്നും വൈസ്-ചാൻസലർ നൽകുന്ന മൂന്ന് പേർ വീതം അടങ്ങുന്ന പട്ടികകളിൽ നിന്നും, ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, ഒരു അദ്ധ്യാപകൻ വീതം; അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട വരായിരിക്കേണ്ടതാണ്. പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെയോ പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോപെട്ടവരുടെയോ അഭാവത്തിൽ ആ വിഭാഗങ്ങൾക്കായി നീക്കിവച്ച സ്ഥാനങ്ങളിലേക്ക് മറ്റ് വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ടവരെ പരിഗണിക്കേണ്ടതാണ്.";

(സി) (v)-ാം ഇനത്തിൽ, "രണ്ട് പ്രഗത്ഭരായ വ്യവസായികൾ" എന്നീ വാക്കുകൾക്ക് പകരം "ഒരു പ്രഗത്ഭനായ വ്യവസായി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (viii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ix) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ്-ചെയർമാൻ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒരു കൗൺസിൽ അംഗം;

(x) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, ബോർഡ് ഓഫ് ഗവർണേഴ്സിലെ രണ്ട് വിദ്യാർത്ഥിപ്രതിനിധികൾ, അവരിൽ ഒരാൾ ബിരുദ വിദ്യാർത്ഥിയും ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ആയിരിക്കേണ്ടതാണ്; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.".

10. 37-ാം വകുപ്പിനു പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 37-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"37. ബോർഡ് ഓഫ് സ്റ്റഡീസ്.—(1) സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന പ്രകാരം ഓരോ പഠനശാഖയ്ക്കും ഒരു ബോർഡ് ഓഫ് സ്റ്റഡീസ് വീതം ഉണ്ടായിരിക്കേണ്ടതാണ്.

(2) ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.".

37എ. ധനകാര്യ സമിതി.—(1) സർവ്വകലാശാലയുടെ ധനകാര്യ സംബന്ധമായ ഏതൊരു പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി സിൻഡിക്കേറ്റ് നിയോഗിക്കുന്ന നിശ്ചിത യോഗ്യതയുള്ള ഒരാൾ ചെയർമാനായി ഒരു ധനകാര്യ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ധനകാര്യ സമിതിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

37ബി. ആസൂത്രണ സമിതി.—(1) സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ആവശ്യമെന്നു കരുതുന്ന ഏതെങ്കിലും കാര്യങ്ങളിൽ സിൻഡിക്കേറ്റിനെയും അക്കാദമിക കൗൺസിലിനെയും ഉപദേശിക്കുന്നതിനായി സിൻഡിക്കേറ്റ് നിയോഗിക്കുന്ന ഒരാൾ ചെയർമാനായി ഒരു ആസൂത്രണ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ആസൂത്രണ സമിതിക്ക് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർവ്വകലാശാലയുടെ വികസനം സംബന്ധിച്ച് അഞ്ച് വർഷത്തേയ്ക്കുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിക്കുക;

(ii) സർവ്വകലാശാലയുടെ അഭിവൃദ്ധിക്ക് അഭിലഷണീയമായ മാർഗ്ഗങ്ങളുടെ രൂപരേഖ തയ്യാറാക്കുക;

(iii) സിൻഡിക്കേറ്റ് അംഗീകരിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഉപദേശം നൽകുക;

(iv) പദ്ധതിക്കാലത്ത് കൈവരിക്കുന്നതിനുദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ സർവ്വകലാശാല പ്രകടിപ്പിച്ച മൊത്തത്തിലുള്ള വൈദഗ്ദ്ധ്യം വിലയിരുത്തുക.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ആസൂത്രണ സമിതിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

37സി. വിദ്യാർത്ഥി കൗൺസിൽ. (1) വിദ്യാർത്ഥികളുടെ ക്ഷേമം സംബന്ധിച്ച കാര്യങ്ങൾക്കായി സർവ്വകലാശാലയ്ക്ക് ഒരു വിദ്യാർത്ഥി കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥി കൗൺസിലിന്റെ ഘടനയും അധികാരങ്ങളും ചുമതലകളും അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.".

11. റദ്ദാക്കലും ഒഴിവാക്കലും.— (1) 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2018-ലെ 18) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. സദാശിവം,
*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 19961/Leg.G2/2017/Law.

*Dated, Thiruvananthapuram,* *7th April, 2018* / *24th Meenam, 1193* / *17th Chaithra, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the A. P. J. Abdul Kalam Technological University (Amendment) Ordinance, 2018 (25 of 2018).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of the "2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 25 OF 2018

## THE A. P. J. ABDUL KALAM TECHNOLOGICAL UNIVERSITY (AMENDMENT) ORDINANCE, 2018

Promulgated by the Governor of Kerala in the Sixty-ninth Year of the Republic of India.

*AN*

*ORDINANCE*

*to amend the A. P. J. Abdul Kalam Technological University Act, 2015.*

*Preamble.*—WHEREAS, the A. P. J. Abdul Kalam Technological University (Amendment) Ordinance, 2017 (28 of 2017) was promulgated by the Governor of Kerala on the 8th day of December, 2017;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature was published as Bill No. 101 of 14th Kerala Legislative Assembly and the same could not be introduced in, and passed by, the Legislative Assembly during its session which commenced on the 22nd day of January, 2018 and ended on the 7th day of February, 2018;

AND WHEREAS, in order to keep alive the provisions of the said Ordinance, the A. P. J. Abdul Kalam Technological University (Amendment) Ordinance, 2018 (18 of 2018) was promulgated by the Governor of Kerala on the 12th day of February, 2018;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature was published as Bill No. 117 of 14th Kerala Legislative Assembly and the same could not be introduced in, and passed by, the Legislative Assembly during its session which commenced on the 26th day of February, 2018 and ended on the 4th day of April, 2018;

And Whereas, under sub-clause (a) of clause (2) of Article 213 of the Constitution of India, the A. P. J. Abdul Kalam Technological University (Amendment) Ordinance, 2018 (18 of 2018) will cease to operate on the 9th day of April, 2018;

And Whereas, difficulties will arise if the provisions of the said Ordinance are not kept alive;

And Whereas, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

Now, Therefore, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:-

1. *Short title and commencement.*—(1) This Ordinance may be called the A. P. J. Abdul Kalam Technological University (Amendment) Ordinance, 2018.

(2) It shall be deemed to have come into force on the 8th day of December, 2017.

2. *Act 17 of 2015 to be temporarily amended.*—During the period of operation of this Ordinance, the A. P. J. Abdul Kalam Technological University Act, 2015 (17 of 2015) (hereinafter referred to as the principal Act), shall have effect subject to the amendments specified in sections 3 to 10.

3. *Substitution of references to certain expressions by other expressions.*—In the principal Act,

(a) for the words, "Academic Committee" wherever they occur, the words "Academic Council" shall be substituted;

(b) for the words "Executive Committee" wherever they occur, the word "Syndicate" shall be substituted.

4. *Amendment of section 14.*—In section 14 of the principal Act, in sub-section (5), for the words "as soon as may be, report in writing" the words "submit for approval in the next meeting" shall be substituted.

5. *Amendment of section 15.*—In the principal Act, for sub-section (3) of section 15 and the proviso thereto, the following sub-section shall be substituted, namely:—

"(3) The term of appointment of Pro-Vice-Chancellor shall be four years.".

6. *Amendment of section 22.*—In section 22 of the principal Act, the word "and" occurring after item "(iv) The Research Council" shall be omitted and after item (iv) so amended, the following items shall be inserted, namely:—

"(v) The Board of Studies;

(vi) The Finance Committee;

(vii) The Planning Committee;

(viii) The Students Council, and"

7. *Amendment of section 23.*—In section 23 of the principal Act, in sub-section (1),—

(a) under the heading "Ex-officio Members", for item (xv), the following item shall be substituted, namely:—

"(xv) The Chairman of the University Union.";

(b) under the heading "Elected Members", for item (ii), the following item shall be substituted, namely:—

"(ii) Six representatives of the students of the University, elected by the students from among themselves as may be prescribed by the Statutes, of whom three shall be from Government engineering colleges, one shall be from aided engineering colleges, one shall be from Government controlled self financing engineering colleges and one shall be from private self financing engineering colleges; of the said members, one shall be a post graduate student, one shall be a woman and one shall belong to the Scheduled Castes or Scheduled Tribes;";

(c) under the heading "Nominated Members",—

(i) for item (iv), the following item shall be substituted, namely:—

"(iv) Two eminent academicians from any of the Universities in Kerala who has supervised Ph.D. Research and having post doctoral publications.".

(ii) for item (v), the following item shall be substituted, namely:—

"(v) Heads or Managers of three engineering colleges, nominated by the Government, of whom one shall be from aided college, one shall be from Government controlled self financing college and one shall be from private self financing college;";

(iii) for item (vi), the following items shall be substituted, namely:—

"(vi) Two teachers of Government engineering colleges, one teacher of aided engineering college, one teacher of Government controlled self financing engineering college, one teacher of private self financing engineering college, nominated by the Government from among the teachers, who shall be having Ph.D. and ten years of teaching experience; of the said members, one shall be a woman, one shall belong to Scheduled Castes or Scheduled Tribes and one shall be a teacher of science subject other than engineering;

(vii) One member, nominated by the Government, from among non-teaching staff.";

(d) under the heading "Other Members", item (i) shall be omitted.

8. *Amendment of section 27.*—In section 27 of the principal Act, in sub-section (1), under the heading "Ex-officio Members",—

(a) for item (xi), the following item and proviso shall be substituted, namely:—

"(xi) One member nominated by the Government from among the representatives of the students in the Board of Governors:

Provided that where the election of representatives of students has not been completed as per the Statutes, the Government may, till the completion of election nominate one student of a Government engineering college affiliated to the University;"

(b) for item (xiii), the following item shall be substituted, namely:—

"(xiii) One member nominated by the Government from among the Managers or Heads of Engineering colleges in the Board of Governors;";

9. *Amendment of section 31.*—In section 31 of the principal Act, in sub-section (2),—

(a) for item (iii), the following item shall be substituted, namely:—

"(iii) One Principal each nominated by the Board of Governors from each of the category of Government engineering college, aided engineering college, Government controlled self financing college and private self financing engineering college affiliated to the University from the lists consisting of three persons each given by the Vice-Chancellor; of whom one shall be a woman. In the absence of woman qualified to be included in the lists, those who belong to other categories shall be considered.";

(b) for item (iv), the following item shall be substituted, namely:—

"(iv) One teacher each, not below the rank of professors nominated by the Board of Governors, from each of the category of Government engineering college, aided engineering college, Government controlled self financing college and private self financing engineering college, affiliated to the University, from the lists from each of the said categories given by the Vice-Chancellor consisting of three persons each representing various branches of engineering; of whom one shall be a woman and one shall belong to the Scheduled Castes or Scheduled Tribes. In the absence of woman or those belonging to Scheduled Castes or Scheduled Tribes qualified to be included in the lists, for the places earmarked for those categories, those belonging to other category or categories shall be considered.";

(c) in item (v), for the words "Two eminent industrialists" the words "One eminent industrialist" shall be substituted;

(d) after item (viii), the following items shall be inserted, namely:

"(ix) Vice-Chairman, Kerala State Higher Education Council or a member of the Council authorized by him;

(x) Two student representatives of the Board of Governors, nominated by the Chancellor, of whom one shall be a graduate student and one shall be a post graduate student; of whom one shall be a woman.".

10. *Insertion of new sections for section 37.*—For section 37 of the principal Act, the following sections shall be substituted, namely:—

"37. *Board of Studies.*—(1) There shall a Board of Studies for each branch of studies, as decided by the Syndicate.

(2) The constitution and powers of Board of Studies shall be as prescribed by the Statutes.

37A. *Finance Committee.*—There shall be a Finance Committee, to advice on any issues related to financial matters of the University, with a person having specific qualifications appointed by the Syndicate, as its Chairman.

(2) Subject to the provisions of this Act, the constitution, powers, functions and procedures for delegation of powers of Finance Committee shall be as prescribed by Statutes.

*37B. Planning Committee.*—(1) There shall be a Planning Committee, to advice the Syndicate and Academic Council on any matter which are considered to be necessary for achieving the objectives of the University, with a person appointed by the Syndicate as its Chairman.

(2) The Planning Committee shall have the following functions, namely:

(i) to chalk out comprehensive plan for five years with respect to the development of the University;

(ii) to prepare an outline of desirable methods for the progress of the University;

(iii) to render advice with regard to the implementation of plans approved by the Syndicate;

(iv) to evaluate the total expertise shown by the University in achieving the target intended to be achieved during the plan period.

(3) Subject to the provisions of this Act, the constitution, powers, functions and procedures for delegation of powers of Planning Committee shall be as prescribed by Statutes.

37C. *Students Council.*—(1) There shall be a Students Council for the University for dealing with the matters relating to welfare of students.

(2) Subject to the provisions of this Act, the constitution, powers, functions and procedures for delegation of powers of Students Council shall be as prescribed by Statutes.".

11. *Repeal and saving.*—(1) The A. P. J. Abdul Kalam Technological University (Amendment) Ordinance, 2018 (18 of 2018) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Ordinance.

P. SATHASIVAM,
*GOVERNOR.*

33/1327/2018/S-2.